പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5145** **24-10-2011 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജകമണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഏലാത്തോടുകൾ, ബണ്ടുകൾ, നടപ്പാലങ്ങൾ, പരിസ്ഥിതി പ്രാധാന്യമുള്ള കുളങ്ങൾ മുതലായവ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇറിഗേഷൻ (മൈനർ, മേജർ) വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഓരോന്നിന്റേയും വിശദാംശം വെളിപ്പെടുത്തുമോ ; | (എ) **ചെറുകിട ജലസേചന വിഭാഗം വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ**<br><br>1) വെള്ളപ്പൊക്ക കെടുതി നിവാരണ പദ്ധതി (ഫ്ലഡ് ഡാമേജ്)<br><br>2) നിലവിലുള്ള പദ്ധതികൾ വിപുലീകരിയ്ക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും വേണ്ടിയുള്ള പദ്ധതി (പ്രോജക്ട് മെയിന്റനൻസ്)<br><br>3) 50 ഹെക്ടറിനു മുകളിലുള്ള കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് (എം.ഐ.ക്ലാസ് I പണികൾ).<br><br>4) 50 ഹെക്ടറിൽ താഴെയുള്ള കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് (എം.ഐ.ക്ലാസ് II പണികൾ).<br><br>5) കുളങ്ങളുടെയും ചിറകളുടെയും നവീകരണം (റിപ്പയർ, റിനോവേഷൻ, റെസ്റ്റൊറേഷൻ - ആർ.ആർ.ആർ. പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി). |

(തുടർ ച്ച . . . . . )

6) ക്രോസ്ബാറുകളുടെയും, ലീഡിംഗ് ചാലുകളുടെയും നവീകരണം (റിപ്പയർ ടു എം.ഐ.സ്ട്രക്ച്ചർ പദ്ധതി).

7) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ - ജല സ്രോതസ്സുകളിൽ നിന്ന് മോട്ടോറും പമ്പും ഉപയോഗിച്ച് കൃഷിയിടങ്ങളിലേയ്ക്ക് ജലം എത്തിക്കുന്ന പദ്ധതി.

മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഇക്കാര്യത്തിന് പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.

| | |
|---|---|
| **(ബി)** പ്രസ്തുത പ്രവൃത്തികൾക്കായി ഓരോ നിയോജകമണ്ഡലത്തിലും അനുവദിക്കാവുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമാക്കുമോ ; | **(ബി)** നിലവിൽ പരിധിയൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും, പണികളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്തുമാണ് പദ്ധതികൾ അനുവദിക്കുന്നത്. |
| **(സി)** വാമനപുരം നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയിൽപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ? | **(സി)** ചെറുകിട ജലസേചന വിഭാഗത്തിൻ കീഴിൽ ഉത്തരം (എ) യിൽ സൂചിപ്പിച്ച പദ്ധതികളിൽപ്പെട്ട പ്രവൃത്തികൾ ഒന്നും വാമനപുരം നിയോജകമണ്ഡലത്തിൽ നടക്കുന്നില്ല. എന്നാൽ പുതിയ 4 പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

1) പി.എം-പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ കണ്ണറ-കരിഞ്ഞാംകോണം-പാണൻ വിളാകം ഏലാതോടിന്റെ സംരക്ഷണ പണികൾ.

**(തുടർ ച്ച . . . . .)**

2) പി.എം- നെല്ലനാട്
ഗ്രാമപഞ്ചായത്തിലെ
തണ്ടാംപൊയ്ക-ആലത്തറ പച്ചുള്ളൂർ
ഏല തോടിന്റെ ജലസേചന
സൗകര്യം മെച്ചപ്പെടുത്തൽ.

3) എഫ്.ഡി - വാമനപുരം
ഗ്രാമപഞ്ചായത്തിലെ മാടൻനട ഏലാ
ബണ്ട് റോഡിന്റെ പുനരുദ്ധാരണവും
ഒരു കൾവർട്ടിന്റെ നിർമ്മാണവും.

4) എഫ്.ഡി- വാമനപുരം
ഗ്രാമപഞ്ചായത്തിലെ വാഴോട്
ആനക്കൽ ഏലാ തോടിന്റെയും
ബണ്ടിന്റെയും പുനരുദ്ധാരണം.

സെക്ഷൻ ഓഫീസർ.